**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4352** **06-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022 ൽ സർക്കാർ ആരംഭിച്ച ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്താകമാനം ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതക്കനുസരിച്ച് സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും B-Tech/M.B.A യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ച് ഹെൽപ്പ് ഡസ്കുകളുടെ പ്രവർത്തനങ്ങളിലൂടെ പദ്ധതി വിജയകരമായി ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയാണ് ജില്ലാ തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ നിയമസഭാംഗം അദ്ധ്യക്ഷനായി മണ്ഡലാടിസ്ഥാനത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും മേൽനോട്ടകമ്മറ്റി രൂപീകരിച്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ നടത്തിയിരുന്നു. ജില്ലാ തല മോണിറ്ററിംഗ് കമ്മറ്റിയുടെ 5 യോഗങ്ങൾ ഇക്കാലയളവിൽ കൂടുകയുണ്ടായി പദ്ധതിലക്ഷ്യം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ ഏകോപനത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പൊതു ബോധവൽക്കരണ പരിപാടികളിൽ ഏകദേശം 8000 ത്തോളം പേർ പങ്കെടുത്തു. പൊതു ബോധവൽക്കരണ പരിപാടിയെ തുടർന്ന് സംരംഭകർക്ക് കൈത്താങ്ങ് സഹായം ഉറപ്പിക്കുന്നതിലേയ്ക്കായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹെൽപ്പ് ഡസ്കുകൾ ആരംഭിക്കുകയും സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇന്റേണുകളുടെ സേവനം തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡസ്കിൽ ലഭ്യമാക്കുകയും ചെയ്തു വരുന്നു. സംരംഭകരാകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് തുടർസഹായം ഉറപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ലോൺ / ലൈസൻസ്/ സബ്സിഡി മേളകൾ ജില്ലയിൽ സംഘടിപ്പിച്ചു. ഇത്തരത്തിൽ ജില്ലയിൽ സംഘടിപ്പിക്കപ്പെട്ട 78 ലോൺ/ലൈസൻസ്/ സബ്സിഡി മേളകളിലായി 3033 പേർ പങ്കെടുക്കുകയും ഇതിലൂടെ 387 പേർക്ക് 1917.7 ലക്ഷം രൂപയുടെ ലോണും 505 പേർക്ക് ലൈസൻസുകളും അനുവദിച്ച് നൽകുവാനും സാധിച്ചു. ടി പദ്ധതിയിലൂടെ ആരംഭിച്ച സംരംഭങ്ങൾ നിലനിന്നുപോകുന്നതിന് സംരംഭകർക്ക് കൈത്താങ്ങ് ഉറപ്പുവരുത്തുന്നതിനായി ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പുകൾക്കിടയിലും, ബാങ്കിംഗ് സ്ഥാപനങ്ങൾക്കും അവബോധം ഉണ്ടാക്കുന്നതിനോടൊപ്പം ജില്ലയിൽ നിയമിതരായ 86 ഇന്റേണുകൾക്ക് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പുകളുടെ പ്രതിനിധി മുഖേന ചെറുവിവരണം നൽകുന്നതിനും 16.09.2022 ന് ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കപ്പെട്ട ഏകദിന ശില്പശാലയിലൂടെ സാധിച്ചു. |

<table>
<tr><td></td><td></td><td></td><td>പ്രാദേശികമായി പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും, ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ജില്ലയിലെ 9 നിയോജക മണ്ഡലകളിലും ബന്ധപ്പെട്ട എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ ഈ സംരംഭക വർഷത്തിൽ ആരംഭിച്ച വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി ജില്ലാ ആസ്ഥാനത്തും താലൂക്കുകളിലും വ്യവസായ ഉൽപ്പന്ന പ്രദർശന മേളകൾ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്, ആയതിൽ ഉൽപ്പാദന,വ്യപാര, സേവന മേഖലകളിലായി നാളിതുവരെ 9902 സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവ ആരംഭിച്ചതിലൂടെ ഭൗതികലക്ഷ്യത്തിൽ 102.44 ശതമാനം നേട്ടം കൈവരിക്കുവാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 521.4 കോടിയുടെ നിക്ഷേപവും 20941 പേർക്ക് തൊഴിലും ലഭ്യമാക്കാനായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇത് പ്രകാരം എത്ര സംരംഭങ്ങളാണ് നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞത്? ഇതുവഴി എത്ര രൂപയുടെ നിക്ഷേപമാണ് വന്നിട്ടുള്ളത്; എത്രപേർക്ക് ഇതിലൂടെ തൊഴിൽ ലഭിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;</td><td>(ബി)</td><td>ആലപ്പുഴ ജില്ലയിൽ 9666 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ ഉൽപ്പാദന,വ്യപാര,സേവന മേഖലകളിലായി നാളിതുവരെ 9902 സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 521.4 കോടിയുടെ നിക്ഷേപവും 20941 പേർക്ക് തൊഴിലും ലഭ്യമാക്കാനായിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>2022-ൽ സർക്കാർ ആരംഭിച്ച ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര സംരംഭങ്ങളാണ് ആരംഭിച്ചത്, എത്ര തുകയുടെ നിക്ഷേപം, എത്ര പേർക്കാണ് തൊഴിൽ ലഭിക്കുക എന്നുള്ളതിന്റെ കണക്ക് നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; വിശദമാക്കുമോ?</td><td>(സി)</td><td>2022 ൽ സർക്കാർ ആരംഭിച്ച ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, അവയിൽ വന്ന നിക്ഷേപം, എത്ര പേർക്കാണ് തൊഴിൽ ലഭ്യമാക്കിയത് എന്നുള്ളതിൻറെ കണക്ക് നിയോജകമണ്ഡലം തിരിച്ച് ചുവടെചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>നിയോജക മണ്ഡലം</th><th>ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം</th><th>നിക്ഷപം, (കോടിരൂപയിൽ)</th><th>തൊഴിൽ</th></tr>
<tr><td>1</td><td>ആലപ്പുഴ</td><td>789</td><td>61.7</td><td>1645</td></tr>
<tr><td>2</td><td>അമ്പലപ്പുഴ</td><td>848</td><td>38.96</td><td>2035</td></tr>
<tr><td>3</td><td>ചേർത്തല</td><td>1169</td><td>68.4</td><td>2634</td></tr>
<tr><td>4</td><td>കായംകുളം</td><td>1270</td><td>77.84</td><td>2739</td></tr>
<tr><td>5</td><td>മാവേലിക്കര</td><td>1186</td><td>56.32</td><td>2282</td></tr>
<tr><td>6</td><td>ചെങ്ങന്നൂർ</td><td>1166</td><td>56.61</td><td>2190</td></tr>
<tr><td>7</td><td>കുട്ടനാട്</td><td>1079</td><td>33.87</td><td>2001</td></tr>
<tr><td>8</td><td>ഹരിപ്പാട്</td><td>1300</td><td>56.77</td><td>3060</td></tr>
<tr><td>9</td><td>അരൂർ</td><td>1095</td><td>70.94</td><td>2355</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ